പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 638

05/06/2018 ൽ
മറുപടിക്ക്

**<u>കളിമൺ വ്യവസായ മേഖല</u>**

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുള്ള** | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കളിമൺ വ്യവസായ മേഖല പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) വായ്പാ സഹായം, വായ്പാ സബ്സിഡി, ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും ഉപയോഗിച്ചുള്ള പരിശീലനം, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യത തുടങ്ങിയവ ഉറപ്പാക്കുന്നതിലൂടെ ഈ വ്യവസായത്തെ സംരക്ഷിക്കാനാകുമെന്ന് കരുതുന്നുണ്ടോ;<br><br>സി) എങ്കിൽ ഇവ ഉറപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | ബി) & സി) വായ്പ സഹായം, സബ്സിഡി, ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും പ്രയോജനപ്പെടുത്തൽ എന്നിവയ്ക്കു പുറമെ ആധുനിക ഡിസൈനുകൾ, വിപണന തന്ത്രങ്ങൾ എന്നിവ സ്വാംശീകരിക്കുന്നതിലൂടെ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളു. അപ്രകാരം സംഘടിതമായ ശ്രമത്തിലൂടെയും ക്ലസ്റ്റർ മാതൃകയിലൂടെ വികസിപ്പിക്കുന്നതിനും ശ്രമം നടന്നുവരുന്നുണ്ട്. ബഹു.സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതും 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമൺ ഖനനം അസാദ്ധ്യമായതുമാണ് കളിമണ്ണിന്റെ ദൗർലഭ്യത്തിനു കാരണമായത്. ആയതിനാൽ കളിമണ്ണിന്റെ ലഭ്യത ഉറപ്പാക്കുന്നതിലൂടെ ഈ വ്യവസായ മേഖലയെ ഒരു പരിധിവരെ സംരക്ഷിക്കാനാകുമെന്ന് കരുതുന്നു. ആയതിലേയ്ക്ക് മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം ടി ഏജൻസി തയ്യാറാക്കിയ റിപ്പോർട്ട് അനന്തര നടപടികൾക്കായി മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കളിമൺ നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനും പാരിസ്ഥിതികാനുമതി നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ